നം.WCH-TVM/372/2025-A6 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി,

തൈയ്ക്കാട്,തിരുവനന്തപുരം,

തീയതി07-01-2026

## <u>ദർഘാസ് പരസ്യം</u>

തിരുവനന്തപുരം തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക്2026-27 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം അടങ്കൽ തുക 3 ലക്ഷം രൂപ (മൂന്ന് കക്ഷം രൂപ മാത്രം)യ്ക്ക് താഴെപ്പറയുന്ന മെഡിക്കൽ ഗ്യാസുകൾ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മത്സര സ്വഭാവമുള്ള മുദ്രവച്ച ദർഘാസ്സുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ.നം | സാധനങ്ങൾ | ആവശ്യമായിരിക്കുന്ന ഏകദേശ അളവ് | യൂണിറ്റ് |
|---|---|---|---|
| 1. | മെഡിക്കൽ ഓക്സിജൻ (ബൾക്ക് ഡി ടൈപ്പ്) | 5600 ( 800 സിലിണ്ടർ) | ക്യൂബിക് മീറ്റർ |
| 2. | മെഡിക്കൽ ഓക്സിജൻ (ബി ടൈപ്പ്) | 224 ( 140 സിലിണ്ടർ) | ക്യൂബിക് മീറ്റർ |
| 3. | മെഡിക്കൽ ഓക്സിജൻ (എ ടൈപ്പ്) | 42 ( 6 സിലിണ്ടർ) | ക്യൂബിക് മീറ്റർ |
| 4. | നൈട്രസ്സ് ഓക്സൈഡ് (ബൾക്ക് ടൈപ്പ്) | 66 ( 4 സിലിണ്ടർ) | കിലോ ലിറ്റർ |
| 5. | കാർബൺഡൈ ഓക്സൈഡ് | 100 ( 10 സിലിണ്ടർ) | കിലോ ലിറ്റർ |
| 6. | ബി ടൈപ്പ് ഓക്സിജൻ (റീ ഫിൽ മെഡിക്കൽ എയർ) | 10 സിലിണ്ടർ | കിലോ ലിറ്റർ |

ടെൻഡർ ഫോമുകൾ **28.01.2026 വൈകുന്നേരം 5** മണി വരെ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ടെൻഡർ ഫോറങ്ങൾക്ക് അവയുടെ വിലയായ 600/- രൂപയും നിയമാനുസൃതമായ ജി.എസ്.റ്റി യും (18%-108/-രൂപ)പകർപ്പ് ആവശ്യമുള്ളവർ ആയതിന്റെ വിലയായ 300/-രൂപയും നിയമാനുസൃതമുള്ള ജി.എസ്.റ്റി യും(18%54/-രൂപ) ഓഫീസ് കൗണ്ടറിൽ അടച്ച് രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി**29.01.2026 12 മണി** വരെയാണ്. ദർഘാസ് ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് ദർഘാസ് നം. എ6-9274/25/സ്ത്രീ.കു.ആ (മെഡിക്കൽ ഗ്യാസ് വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്) എന്ന് രേഖപ്പെടുത്തിയിരിക്കണം. സമർപ്പിക്കുന്ന ദർഘാസുകൾ ഈ ആശുപത്രിയിൽ നിന്നും വാങ്ങിയിട്ടുള്ളതും, ടി ആശുപത്രിയിലെ മേലധികാരിയുടെ കൈയൊപ്പും ഓഫീസ് മുദ്രയും ഉള്ളതുമായിരിക്കണം. ദർഘാസുകൾ അന്നേ ദിവസം 12.30 മണിക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതും ആവശ്യമായ രേഖകൾ ഹാജരാക്കിയതുമായ ദർഘാസ് സ്വീകരിക്കുന്നതാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

ദർഘാസ്സുകൾ സമർപ്പിക്കുമ്പോൾ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം)യുടെ വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റും നിരതദ്രവ്യമായി 3000/- രൂപ ( മൂവായിരം രൂപ മാത്രം)യുടെ സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്തിരിക്കണം.

ദർഘാസ് ലഭിക്കുന്ന വ്യക്തി, സ്വന്തം ചെലവിൽ സ്വന്തം സ്ഥാപനത്തിന്റെ സിലിണ്ടർ ഉപയോഗിച്ച് തന്നെ മെഡിക്കൽ ഗ്യാസ് ആശുപത്രിയിൽ മെഡിക്കൽ ഗ്യാസ് ഉപയോഗിക്കുന്ന വിഭാഗങ്ങളിൽ എത്തിക്കേണ്ടതും ലോഡിംഗ്, അൺലോഡിംഗ് ചാർജ്ജ്, സിലിണ്ടറുകളുടെ മെയിന്റനൻസ് എന്നിവ സ്വയം നിർവഹിക്കേണ്ടതുമാണ്. കരാറുകാരൻ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിച്ചാൽ അപ്രകാരം സംഭവിക്കുന്നതുമൂലമുള്ള കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്. കുടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

Signed by K K Santha
SUPERINTENDENT
Date: 07-01-2026 17:25:01
സൂപ്രണ്ട്

പകർപ്പ്:-

എ) നോട്ടീസ് ബോർഡിലേക്ക്

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസ്(ആരോഗ്യം), തിരുവനന്തപുരം
3. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടറിയേറ്റ്
4. സൂപ്രണ്ട് ഗവ.പ്രസ്സ്,തിരുവനന്തപുരം
5. സൂപ്രണ്ട്, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
6. സൂപ്രണ്ട്, നെഞ്ചുരോഗാശുപത്രി, പുലയനാർകോട്ട, തിരുവനന്തപുരം
7. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം.
8. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫയർ, തൈയ്ക്കാട്
9. പോസ്റ്റ് മാസ്റ്റർ, പോസ്റ്റ് ഓഫീസ്, തൈയ്ക്കാട്
10. വില്ലേജ് ഓഫീസ്, തൈയ്ക്കാട്, തിരുവനന്തപുരം

ബി)ലേ സെക്രട്ടറി &ട്രഷറർ.

സി)ഫയൽ / കരുതൽ ഫയൽ